

ദൈവത്തിന്റെ ചുരുളുകൾ

DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"കൊതിച്ചും കിതച്ചും"
(തിരുവചന ചിന്തകൾ)

DEC
2024

CONTENTS

- **തിരുവചന ചിന്തകൾ :**
  "കൊതിച്ചും കിതച്ചും" Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 12

കൊതിച്ചും കിതച്ചും

(തിരുവചന ചിന്തകൾ)

ഒരിക്കലും തീരാത്ത ആഗ്രഹങ്ങളെ പേറി ജീവിക്കുന്നവന്റെ പേരാണ് മനുഷ്യൻ. ഒരുനാളും അവസാനിക്കാത്ത ഈ പ്രകൃതത്തെ ക്രിസ്തീയ വിശ്വാസിയില്നിന്നും സമൂലം നീക്കിക്കളയുവാൻ കൂടിയാണ് ദൈവം തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ നൽകിയിരിക്കുന്നതെന്നു തോന്നുന്നു! കാരണം ദൈവം നിത്യജീവൻ മനുഷ്യർക്ക് ഭൂമിയിൽ നൽകിയാൽ വീണ്ടും വീണ്ടും കൊതിച്ചും കണ്ടും കിതച്ചും അവർ സമയത്തെ വൃഥാവാക്കിക്കളയും, എന്നാൽ ഈ നിത്യത സ്വർഗ്ഗത്തിലാണെങ്കിൽ ദൈവത്തെ മാത്രമേ അവർ അന്വേഷിക്കുകയുള്ളല്ലോ!

സങ്കീർത്തനങ്ങൾ 73
25 സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.

ഭൂമിയിൽ കണ്ടിട്ടുള്ള സകലത്തിലും കണ്ണുവച്ചിരിക്കുന്ന മനുഷ്യന്റെ ഈ പ്രകൃതത്തെ മാറ്റുവാൻ, മനുഷ്യന് ഇതുവരെ കാണുവാനോ ഗ്രഹിക്കുവാനോ ഊഹിക്കുവാനോ കഴിയാത്തവണ്ണം ദൈവം സ്വർഗ്ഗാധിസ്വർഗ്ഗങ്ങളെ ഒരുക്കിയിരിക്കുന്നു. സ്വർഗ്ഗത്തിൽ ഉറപ്പുണ്ടെന്ന് നമുക്ക് പറയാൻ കഴിയുന്ന ഏക കാര്യം ദൈവം അവിടെ ഉണ്ട് എന്നതുതന്നെയാണ്. സ്വർഗ്ഗത്തെ സ്വർഗ്ഗമാക്കി നിറുത്തുന്നതും ഇതേ ദൈവത്തിന്റെ സാന്നിദ്ധ്യവും അധികാരവും കൊണ്ടാണ്.

ഭൂമിയിൽ ജനിച്ചു വീഴുന്ന കുഞ്ഞിന്റെ ഹൃദയത്തിൽ കൊതിയില്ല, മോഹങ്ങളുമില്ല. എന്നാൽ പതിയെ വളർച്ചയിൽ ആഗ്രഹങ്ങളും മോഹങ്ങളും കൊതികളും ആ ഹൃദയത്തെ കൈവശമാക്കുന്നു. അറിയാത്ത മോഹങ്ങളെ, ചുറ്റുപാടുകൾ അവനെ പഠിപ്പിക്കുകയും അവ മെല്ലെ കൊതിയായും ആർത്തിയായും അതിന്റെ പിന്നാലെയുള്ള കിതപ്പുള്ള ഓട്ടവുമായിത്തീരുന്നു.

ക്രിസ്തുവിശ്വാസി എന്ന ലേബലിൽ ആയിരിക്കുമ്പോൾത്തന്നെ നമ്മെ നയിക്കുന്ന ഒരു ദുർമോഹമാണ് നല്ലവൻ/ നല്ലവൾ എന്ന് പേരെടുക്കുവാനുള്ള നമ്മിലെ വെമ്പൽ. ഈ മോഹം കൈവരിക്കുവാനാണ് പിന്നീടുള്ള രാവും പകലും നമ്മുടെ ക്രിസ്തീയജീവിതം ശ്രമിക്കുക. എന്നാൽ യേശുവിലൂടെ, പിതാവാം ദൈവം നമ്മെ വീണ്ടെടുത്തപ്പോൾത്തന്നെ നമ്മെ സ്വർഗ്ഗം അംഗീകരിച്ചിരിക്കുന്നുവെന്നും ഇനി മനുഷ്യന്റെ അംഗീകാരമല്ല ദൈവത്തിന്റെ ഇഷ്ടമാണ് എന്നിൽ വെളിപ്പെടേണ്ടുന്നത് എന്നുള്ള സത്യത്തെ ഉൾക്കൊണ്ടുകൊണ്ടാണ് നമ്മുടെ ആത്മീയ ജീവിതം മുൻപിലേക്ക് പോകേണ്ടുന്നതും. ഇത് തിരിച്ചറിയാതെ സ്വയത്താൽ വ്യാജങ്ങളെചമച്ചും ചിന്തിച്ചും പറഞ്ഞുപരത്തിയും നമ്മുടെ മുൻപിലെ ഓട്ടമെന്ന ആത്മീയജീവിതം കേവലമൊരു മതജീവിതമാക്കി നാം നശിപ്പിക്കുകയാണ് ചെയ്യുന്നത്.

മതചിന്ത ആത്മീയതയായി പലയിടങ്ങളിലും ഇന്ന് തെറ്റിദ്ധരിക്കപ്പെടുന്നു. 'ക്രിസ്തീയ മത'ത്തോടുള്ള അമിതമായ ആവേശവും ഭയവും അനുസരണയും ഇന്നു നമ്മെ എത്തിച്ചിരിക്കുന്നത് ദൈവമില്ലാത്ത കുറേ ആചാരങ്ങൾക്കും കീഴ്വഴക്കങ്ങളിലേക്കുമാണ്. വീണ്ടും ജനന അനുഭവം തനിക്കു ഉണ്ടെന്നു ഉറപ്പിച്ചുപറയുന്നവരെക്കുറിച്ചാണ് നാം പറഞ്ഞുവരുന്നത്. ദൈവത്തെയും ദൈവീകതയെയും നഷ്ടപ്പെടുത്തിക്കളഞ്ഞുകൊണ്ടു നാം ആത്മീയരായി നടിച്ചാലും സ്വയം ധരിച്ചാലും അവ കേവലം മതചിന്തയായി അവശേഷിക്കും. ക്രിസ്തീയ വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്ന ഏതു സഭ-സമൂഹങ്ങളിൽ നാം ആയിരുന്നാൽ സ്ഥിതി അതുതന്നേ.

ലൂക്കോസ് 18:9-14
9 തങ്ങൾ നീതിമാന്മാർ എന്നു ഉറെച്ചു മറ്റുള്ളവരെ ധിക്കരിക്കുന്ന
ചിലരെക്കുറിച്ചു അവൻ ഒരു ഉപമ പറഞ്ഞതെന്തെന്നാൽ:
10 രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി; ഒരുത്തൻ
പരീശൻ, മറ്റവൻ ചുങ്കക്കാരൻ.
11 പരീശൻ നിന്നുകൊണ്ടു തന്നോടു തന്നെ: ദൈവമേ, പിടിച്ചുപറിക്കാർ,
നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ
ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു.
12 ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം
കൊടുത്തുവരുന്നു; എന്നിങ്ങനെ പ്രാർത്ഥിച്ചു.

13 ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു
നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ, പാപിയായ
എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു.
14 അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി; മറ്റവൻ
അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും;
തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" എന്നു ഞാൻ
നിങ്ങളോടു പറയുന്നു.

പരീശനെക്കുറിച്ചും പരീശത്വത്തെക്കുറിച്ചും വ്യക്തമായ ഒരു ബോധ്യംനൽകുന്ന ഭാഗമാണ് ലൂക്കോസിൻറെ സുവിശേഷത്തിലെ ഈ ഭാഗം. അതിൽത്തന്നെ ഒൻപതാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ഈ ഉപമയുടെ സാരം അതിൽത്തന്നെ വളരെ വ്യക്തവുമാണ്.

ഇവിടെ പ്രാർത്ഥിക്കുവാൻ കടന്നുവരുന്ന രണ്ടുപേരിൽ ചുങ്കക്കാരൻ സ്വന്തം തെറ്റുകളെ മറച്ചുപിടിക്കാതെ ദൈവത്തിങ്കലേക്കു സ്വയം സമർപ്പിക്കുന്നതും ദൈവത്തിൽ സ്വയം മറന്നു ആശ്രയിക്കുന്നതും നാം കാണുന്നു. തൽഫലമായി നുറുങ്ങിയ ഹൃദയത്തോടെ ദൈവത്തോട് നിലവിളിച്ച ചുങ്കക്കാരൻ ദൈവത്താൽ നീതികരിക്കപ്പെട്ടവനായി സമാധാനത്തോടെ മടങ്ങിപ്പോവുന്നതു നാം വായിക്കുന്നു.

എന്നാൽ പരീശൻ പ്രാർത്ഥിക്കുന്നതത്രെയും ചുങ്കക്കാരനെക്കാൾ താൻ മേൽമയേറിയവനാണെന്ന ചിന്തയിലാണ്. ഇപ്രകാരം ദൈവത്തിന്റെമുന്പിൽപോലും സ്വന്തം പിഴവുകളെയും കുറവുകളേയും ഏറ്റുപറയാതെ ഹൃദയകാഠിന്യത്തോടെ പ്രാർത്ഥിക്കുവാൻ ആ പരീശനു കഴിയുന്നുണ്ട് എന്നു മനസ്സിലാക്കുക.

യഹൂദന്മാരിൽ പരീശനായ ഇദ്ദേഹം ദൈവത്തെ അറിയുന്നവനാണ്. ദൈവത്തെക്കുറിച്ചുള്ള കാര്യങ്ങൾ മറ്റേതൊരു വ്യക്തിയേക്കാളും കേട്ടിട്ടുള്ളവനാണ്. ആവശ്യമെങ്കിൽ മറ്റുള്ളവരെ ഉപദേശിക്കുവാനോ തെരുവുകളിൽ ദൈവത്തെക്കുറിച്ചു പ്രസംഗിക്കുവാനോ കഴിവുള്ളവൻ. എന്നാൽ കേൾവികളെക്കാളും പഠിച്ചുവച്ച അറിവുകളെക്കാളും ഉപരിയായി ദൈവത്തെ അനുഭവിക്കാൻ കഴിയാത്തവനാണ് ഈ പരീശൻ.

ദൈവസമക്ഷം പോലും സ്വയം സമർപ്പിക്കുവാൻ കഴിയാതെ കേവല ജല്പനങ്ങളിലൂടെ പ്രാർത്ഥനയെ ചൊല്ലിത്തീർക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു വ്യക്തിയായി ഈ പരീശൻ തരംതാഴുകയാണിവിടെ. പ്രാർത്ഥനയിലും കുറ്റംപറഞ്ഞുകൊണ്ടു പ്രാർത്ഥനയെപ്പോലും മറിച്ചുകളയുന്ന അവസ്ഥയിലേക്കു ഈ പരീശൻ എത്തിയിരിക്കുന്നു.

ആരാണ് ഈ പരീശൻ ?
മറ്റൊരാളെ ഇതിനായി അന്വേഷിച്ചുപോകേണ്ടുന്ന കാര്യമില്ല.ഇത് വായിക്കുന്ന നമ്മിൽതന്നെയാണ് മേല്പ്പറഞ്ഞ പരീശൻ ഇപ്പോൾ ഉള്ളത്.

തന്നത്താൻ ദൈവത്തിങ്കലേക്കു ഏല്പിച്ചുകൊടുക്കാതെ സകലവും മറ്റുള്ളവരുടെമേൽ പഴിചാരുന്ന നാം പരീശന്മാരാണ്. നുറുക്കമില്ലാത്ത ഹൃദയത്തിൽനിന്നും പ്രാർത്ഥനയുടെപേരിൽ വിലപിച്ചും മനുഷ്യനോട് മത്സരിച്ചും ഹൃദയകാഠിന്യത്തോടെ നിൽക്കുന്ന നാം തന്നെയാണ് ഉത്തമ പരീശന്മാർ.

ദൈവം തന്റെ മാത്രം പോക്കറ്റുകളിലും കീശകളിലും ആണെന്ന ഭാവം നമുക്കുണ്ടെങ്കിൽ നാം പരീശന്മാരാണ്. മറ്റുള്ളവരെ ശ്രേഷ്ഠരെന്നു എണ്ണുവാൻ കഴിയാത്തവണ്ണം അടഞ്ഞഹൃദയത്തോടെയാണ് നാം ജീവിക്കുന്നതെങ്കിൽ നാം പരീശന്മാരുടെ ഗണത്തിലാണ്.

ഞാൻ ധനവാൻ എനിക്കൊന്നിനും മുട്ടില്ല എന്ന അഹങ്കാരത്തോടെ ഉള്ളിൽ സ്വയം ചിരിക്കുകയും മറ്റുള്ളവരുടെ സങ്കടത്തിലും വീഴ്ചയിലും നാവുകൊണ്ട് സഹതപിക്കുകയും ഉള്ളുകൊണ്ടു 'അവന്റെ കൈയ്യിലിരിപ്പ് നിമിത്തം അവൻ അനുഭവിക്കുന്നതാ' എന്ന് ചിന്തിച്ചുകൊണ്ട് ചിരിക്കുന്നുവെങ്കിൽ പരീശനിലും മോശമായിരിക്കുന്നു നമ്മുടെ അവസ്ഥ.
വൃഥാ ജല്പനം ചെയ്തുകൊണ്ടും ആചാരമെന്നപോലെ പ്രാര്ഥനയെയും ഉപവാസത്തെയും ദൈവത്തെകൂടാതെ ആചരിക്കുന്നവരാണോ നാം? അങ്ങനെയെങ്കിൽ പരീശന്മാരിൽ നാമും ആയിരിക്കുന്നു.

വലിയവനാണെന്ന ഹൃദയത്തോടെ പുറമേ വാക്കുകളിലും ഭാവങ്ങളിലും എളിമ ഭാവിക്കുന്നവരായ നമ്മെക്കാൾ പരീശന്മാർ വേറെ ആരുണ്ട് ? പ്രാർത്ഥനകൾക്കു മേമ്പൊടിയായി കണ്ണുനീർവാർക്കുവാൻ വെമ്പൽകൊള്ളുന്ന നമ്മെ പരീശന്മാർ എന്ന് എങ്ങനെ വിളിക്കാതെയിരിക്കും ?

ദൈവത്തെക്കൂടാതെ ഇത്തരം പ്രവൃത്തികയിൽ നാം ഇന്ന് കുടുങ്ങിക്കിടക്കുകയാണ് പ്രിയപ്പെട്ടവരേ.

മേല്പറഞ്ഞതു മാത്രമല്ല അപകടകരമായിട്ടുള്ളത്. മുകളിൽ വിവരിച്ച വേദഭാഗം വായിക്കുന്ന / കേൾക്കുന്ന ഏതൊരു വ്യക്തിക്കും സ്വതവേ മനസ്സിലാകുന്ന കാര്യമാണ് പരീശൻറെ ചിന്തയും മനോനിരൂപണവും അതേത്തുടർന്നുള്ള പ്രാർത്ഥനയും തെറ്റാണെന്ന്. ഇതിലെ യഥാർത്ഥമായ അപകടം മറഞ്ഞിരിക്കുന്നത് ഇവിടെയാണ് : പരീശനെ പുറത്തുനിന്നും വായിച്ചെടുക്കുവാനും അവന്റെ പ്രവൃത്തിയെ വിധിക്കുവാനും നമുക്കു കഴിയുന്നു. എന്നാൽ നമ്മിൽ സദാനിലനിൽക്കുന്ന പരീശത്വത്തെ ഉൾക്കൊള്ളുവാനോ അവയെ തിരിച്ചറിഞ്ഞു ദൈവത്തോട് വേണ്ടുംവണ്ണം പ്രാർത്ഥിക്കുവാനോ നമുക്ക് കഴിയുന്നില്ല.

വാസ്തവത്തിൽ, പരീശനെ നമുക്കു അറിയാം, എന്നാൽ നമ്മെ അടിമകളാക്കിയിട്ടിരിക്കുന്ന പരീശത്വത്തെ നാം അറിയുന്നില്ല അഥവാ അറിയുവാൻ ആഗ്രഹിക്കുന്നില്ല. നോക്കൂ, നമ്മുടെ മനസ്സും ചിന്തയും (ജഡം) എത്രത്തോളം നമ്മെ വഞ്ചിച്ചിരിക്കുന്നു.

ദൈവത്തോട് തന്റെ കുറവുകൾ ഏറ്റുപറയാത്ത സകലരും പിന്തുടരുന്നത് പരീശത്വത്തെയാണ്, യേശുവിനെയല്ല. പ്രവൃത്തികളാൽ കേമന്മാരാവാനുള്ള നമ്മിലെ ചാകാത്ത മനുഷ്യന്റെ അഭിനിവേശമാണ് നമ്മുടെയുള്ളിലെ പരീശത്വത്തിന്റെ വളവും വെള്ളവും.

‘മുന്തിയ ഇനം വിശുദ്ധരാ’കുവാനാണ് നാം ജഡത്തിൽ എന്നും ശ്രമിക്കുന്നത്. ഓർക്കുക, ദൈവമക്കളാവുമ്പോഴാണ് നാം പുതിയസൃഷ്ടിയുടെ സുഗന്ധം അനുഭവിക്കുന്നത്. അല്ലാത്തപക്ഷം ദുർഗന്ധപൂർണ്ണമായി 'സ്വയം' വിശുദ്ധരെന്നു നടിച്ചു ദൈവകൃപയെ വൃഥാവാക്കിക്കളയുന്നു.

ദൈവത്തെക്കാൾ വിശുദ്ധരായ ‘ജഡവിശുദ്ധ’രായി നാമറിയാതെ നാം മാറുകയാണ്. ദൈവത്തെക്കൂടാതെ സ്വയത്തിൽ ആലോചനകളെക്കഴിച്ചുകൊണ്ടു നമുക്കുതന്നേ നാം ദൈവമായിത്തീരുന്നു. പ്രിയരേ, ഇത് ദൈവത്തിൽനിന്നുള്ളതല്ല.

താഴ്മയും കരുണയും ദൈവത്തിങ്കൽനിന്നു മാത്രമേ പഠിക്കുവാനും പ്രാപിച്ചെടുക്കുവാനും കഴിയൂ. ഇവ, മനുഷ്യരിൽകണ്ട് മനുഷ്യരിൽനിന്നു അനുകരിക്കുവാൻ ശ്രമിക്കരുതേ. സകല നല്ല ദാനങ്ങളും ദൈവത്തിങ്കൽനിന്നു മാത്രം വരുന്നു.

യാക്കോബ് 1
17 എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു. അവന്നു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല.

ഒരു ക്രിസ്തീയ വിശ്വാസിക്കു എത്രനാൾ സ്വയം നീതികരിച്ചുകൊണ്ടു ജീവിക്കുവാൻ കഴിയും ? ഉത്തരം - യേശു തന്റെ ജീവിതത്തിൽ ആരാണെന്നും ദൈവം നമ്മെ എപ്രകാരം തന്റെ സ്വന്ത മകനാക്കി / മകളാക്കി എന്നു തിരിച്ചറിയുംവരെ.

ഇപ്രകാരം സകലത്തിലും സ്വയം നീതികരിച്ചുകൊണ്ടു ജീവിക്കുകയും പ്രാർത്ഥിക്കുകയുംകൂടി ചെയ്യുമ്പോൾ മനുഷ്യന്റെ മുൻപാകെ മാത്രമല്ല നാം നമ്മുടേതായ സ്വയനീതിയെ ഉയർത്തുന്നത് നമ്മെ മെനഞ്ഞെടുത്തു തിരഞ്ഞെടുത്ത സർവ്വശക്തനായ ദൈവത്തിന്റെ മുൻപാകെകൂടിയാണ് നമ്മുടെ നീതിയെന്ന കറപുരണ്ട അങ്കിയെ നാം കൊണ്ടുചെല്ലുന്നത് !

യെശയ്യാ 64:5-9
5 സന്തോഷിച്ചു നീതി പ്രവർത്തിക്കുന്നവരെ നീ എതിരേല്ക്കുന്നു; അവർ നിന്റെ വഴികളിൽ നിന്നെ ഓർക്കുന്നു; നീ കോപിച്ചപ്പോൾ ഞങ്ങൾ പാപത്തിൽ അകപ്പെട്ടു; ഇതിൽ ഞങ്ങൾ ബഹുകാലം കഴിച്ചു; ഞങ്ങൾക്കു രക്ഷ ഉണ്ടാകുമോ?
6 ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയ്തീർന്നു; ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും കറപിരണ്ട തുണിപോലെ; ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപ്പോകുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചുകളയുന്നു.
7 നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവനും നിന്നെ മുറുകെ പിടിപ്പാൻ ഉത്സാഹിക്കുന്നവനും ആരുമില്ല; നിന്റെ മുഖം ഞങ്ങൾ കാണാതവണ്ണം നീ മറെച്ചുവെച്ചു ഞങ്ങളുടെ അകൃത്യങ്ങൾക്കു ഞങ്ങളെ ഏല്പിച്ചിരിക്കുന്നു.

8 എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവു; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ;
9 യഹോവേ, ഉഗ്രമായി കോപിക്കരുതേ; അകൃത്യം എന്നേക്കും ഓർക്കരുതേ; അയ്യോ, കടാക്ഷിക്കേണമേ; ഞങ്ങൾ എല്ലാവരും നിന്റെ ജനമല്ലോ.

ദൈവത്തിന്റെ മക്കളാകുവാൻ വിളിക്കപ്പെട്ട നാം എങ്ങനെ പരീശന്മാരും സ്വയനീതിക്കാരുമായിമാറി ?

ലളിതമായി ചിന്തിക്കാം, നാം ക്രിസ്തുവിൽ ആരാണെന്നുള്ള ബോധ്യം ഇന്നും നമുക്കില്ല. ക്രിസ്തീയ വിശ്വാസത്തിൽ ജനിച്ചുവീണതുകൊണ്ടോ ജനിച്ചുവീണ ക്രിസ്തീയ വിശ്വാസത്തിൽ (സഭയിൽ) നാം തുടരണമല്ലോ എന്ന ചിന്തയിൽ ക്രിസ്ത്യാനിയായി തുടരുകയോ ഒക്കെയാണ് ഇന്ന് നാം ചെയ്യുന്നത്?

ജലത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനത്തിലൂടെ ജനിച്ചുവന്നവരെക്കുറിച്ചുമാത്രമാണ് നാം ഇപ്പോൾ സംസാരിക്കുന്നത്. എവിടെനിന്നോ കയറിവന്നു എങ്ങോട്ടെന്നില്ലാതെ യാത്രചെയ്യുന്ന വാനമ്പാടികളെപ്പോലെയാണോ നമ്മുടെ ജീവിതം ?

നമ്മിൽത്തന്നെ ആശ്രയിക്കാനും പുകഴുവാനും സ്വയം പ്രശംസിക്കുവാനും നാം എവിടെനിന്നു പഠിച്ചു ? ദൈവവചനത്തിൽനിന്നോ ദൈവത്തിൽനിന്നു നാം ഇതു പഠിച്ചിട്ടില്ല.ഒരിക്കലും ഇതര സഭകളിൽനിന്നും നാം ഇത് പഠിച്ചിട്ടില്ല. പിന്നെ എവിടെ നിന്ന് ?

ക്രിസ്തീയ ജീവിതത്തെക്കുറിച്ചുള്ള അവ്യക്തമായതും വികലവുമായ മനുഷ്യന്റെ കാഴ്ചപ്പാടുകളും ചിന്തകളും ദൈവത്തിങ്കലേക്കു ഏല്പിക്കാത്ത നമ്മിലെ പഴയ മനുഷ്യനും മനുഷിക മോഹങ്ങളുമാണ് ഒന്നുചേർന്നാണ് ഇന്ന് കാണുന്ന സകല പരീശത്വവും നമ്മിൽ പണികഴിപ്പിച്ചിരിക്കുന്നത്.

ഇത്തരുണത്തിൽ നമ്മെ ഒന്ന് ഓര്മപ്പെടുത്തുവാൻ പാടിപ്പതിഞ്ഞ ഒരു ഗാനം ആവശ്യമെന്നു തോന്നുന്നു

“സീയോൻ സഞ്ചാരി ഞാൻ
യേശുവിൽ ചാരി ഞാൻപോകുന്നു
കുരിശിന്റെ പാതയിൽ”

ഈ ഗാനം പാടാത്ത ക്രിസ്ത്യാനികൾ കുറവാണ്. പാടിപ്പോവുന്നതല്ലാതെ ഇതിലെ വരികൾക്കിടയിലെ ആത്മീയ ജീവിതത്തെ ദർശിച്ചവർ തുലോം കുറവാണ്.

ക്രിസ്തുവിൽ വീണ്ടും ജനിച്ചവർ ഇവയൊക്കെ പാടി നാവുകൊണ്ട് സ്വർഗ്ഗീയ കനാൻ കടന്നു കഴിഞ്ഞു. എന്നിട്ടും പാടിയ വരികളിലെ അർത്ഥം നാളിതുവരെ ശ്രദ്ധിച്ചിട്ടില്ല.

യേശുവിൽ ചാരുക എന്നതിന് യേശുവിൽ വിശ്വസിക്കുക എന്നതുമാത്രമല്ല യേശുവിൽ മാത്രം എല്ലായ്പ്പോഴും ആശ്രയം വയ്ക്കുക എന്നുകൂടിയാണ്. നാം ദൈവത്തിൽ മാത്രം ആശ്രയം വയ്ക്കുന്നുവെങ്കിൽ നമ്മിൽ ആശ്രയം വയ്ക്കുകയില്ല.

ക്രിസ്തീയ ജീവിതത്തെക്കുറിച്ചും നമ്മുടെ രക്ഷകനായ യേശു നമുക്കോരോരുത്തർക്കും ആരാണെന്നും ഈ ഗാനം നമ്മെ മാധുര്യത്തോടെ ഓർമിപ്പിക്കുകയാണ്.

പരീശ മനോഭാവം നമ്മെ ദൈവത്തിങ്കലേക്കു അടുപ്പിക്കുന്നില്ല എന്ന് മാത്രമല്ല മനുഷ്യനെ പരിഹസിക്കുവാൻ മാത്രം ഉതകുന്നതായിത്തീരുകയും ചെയ്യുന്നു. ഒരിക്കലും നമുക്കു സമാധാനം നൽകുവാൻ നമ്മിലെ പരീശത്തിനു കഴിയുകയില്ല. ദൈവം നമ്മിൽ കരുണാപൂർവ്വം നൽകിത്തരുന്ന സമാധാനത്തെ തട്ടിക്കളയുന്ന ജോലി മാത്രമായിരിക്കും പരീശത്വം നമ്മിൽ ചെയ്യുന്നത്.

സത്യത്തിൽ, ക്രൂശിൻറെ സത്യത്തെ ത്യജിച്ചുകളയുവാൻ നമ്മെ നാംപോലുമറിയാതെ ഈ പരീശത്വം ആഹ്വനം ചെയ്യുന്നു.

വികലമായ സകല പരീശ മനോഭാവങ്ങളും നമ്മിലുണ്ടെന്നു നമുക്കു കർത്താവിനോടു ഏറ്റു പറയാം. കല്ലറയേയും മരണത്തെയും സാത്താനേയും അവന്റെ സകല തന്ത്രങ്ങളേയും ജയിച്ച യേശുക്രിസ്തുവിനാൽ നാം ജയാളികളാണെന്ന സത്യത്തിലും ബോധ്യത്തിലും നമ്മുടെ ആത്മീയജീവിതത്തെ മുന്പോട്ടുകൊണ്ടുപോവാം.

സ്വയ മനുഷ്യന്റെയോ മറ്റുമനുഷ്യന്റെയോ മാനമല്ല, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനാൽ പിതാവിങ്കല്നിന്നും നമുക്ക് സകലവും നല്കിത്തന്ന നമ്മെ നിത്യവും അളവുകൂടാതെ സ്നേഹിക്കുകയും സൂക്ഷിക്കുകയും തന്റെ ആത്മാവിനാൽ അഭിഷേകത്താൽ നിറച്ചു ശക്തീകരിക്കുകയും ചെയ്യുന്ന ദൈവത്തിനായി ജീവിക്കാം.

പുതുവർഷം തീരുമാനങ്ങളുടെ നിറവുകളിലല്ല, കൃപയുടെ നിറവിലും അനുസരണത്തിന്റെ വാർദ്ധനവിലും ദൈവത്തോടുള്ള ബന്ധത്തിലും ആഴവും ശ്രേഷ്ഠവുമായിത്തീരുവാൻ നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ നല്ല ദൈവമേ, കഴിഞ്ഞ ആണ്ടിൽ ഞങ്ങളെ അങ്ങ് അനുഗ്രഹിച്ചുസൂക്ഷിച്ചതിനാൽ സ്തോത്രം. ലഭിച്ച ദൈവകൃപ പാഴാക്കിക്കളയാതെ അങ്ങയോടൊപ്പം ഓരോ നിമിഷവും വസിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. അടിയന്റെ ഈ പ്രാർത്ഥനയേയും ആഗ്രഹത്തെയും അങ്ങയുടെ കരങ്ങളിലേക്ക് നൽകുന്നു. എന്റെ ബലത്താലും ഞാൻ കഴിഞ്ഞ നാളുകളിൽ എന്റെ ജഡത്തിൽ എടുത്ത തീരുമാനങ്ങളാലും എനിക്ക് സാധ്യമായിത്തീരാതിരുന്ന ദൈവീകബന്ധം എന്റെ പുതിയമനുഷ്യനിൽ അങ്ങു കൃപയാൽ സാദ്ധ്യമാക്കിത്തരേണമേ. എന്നെ അനുഗ്രഹിക്കേണമേ ആമേൻ

.-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ഒരു ആത്മീയന്റെ പരമപ്രധാനമായ ആത്മീയ ലക്ഷണം എന്തെന്നാൽ : അവൻ എല്ലായ്പ്പോഴും പിതാവാം ദൈവത്തിങ്കലേക്കു മാത്രം ഓടിച്ചെല്ലുന്നവനായിരിക്കും.

സങ്കീർത്തനങ്ങൾ 119 : 32. നീ എന്റെ ഹൃദയത്തെ വിശാലമാക്കുമ്പോൾ ഞാൻ നിന്റെ കല്പനകളുടെ വഴിയിൽ ഓടും.

The most essential spiritual characteristic of a spiritual person is that he will always run towards God, the Heavenly Father.
Ref : Psalms 119:32.

- Divine Hope Missionaries (Bristol,UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL